മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# കാവേരി നദി പുനരുജ്ജീവനം: ഹിതപരിശോധന നടത്തി

**പാലക്കാട്/കോയമ്പത്തൂർ ►** കാവേരി നദിയുടെ പുനരുജ്ജീവനത്തിനായി വിശദപദ്ധതിരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഹിതപരിശോധന നടത്തി. മുക്കാലിയിലായിരുന്നു പരിപാടി. കാവേരിയുടെ പോഷകനദികളായ ഭവാനി, കബനി എന്നിവയുടെ നദീതട സംരക്ഷണം വിവിധ വനവത്കരണപരിപാടികളിലൂടെയാണ് നടപ്പാക്കുക.

കേരളത്തിലൂടെ ഒഴുകുന്ന കാവേരിയുടെ പോഷകനദികളായ ഭവാനി, കബനി നദികളുടെ നദീതടസംരക്ഷണത്തിനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

വനം-പരിസ്ഥിതി മന്ത്രാലയത്തിനുകീഴിൽ കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് (ഐ.എഫ്.ജി.ടി.ബി.) ആണ് പദ്ധതി തയ്യാറാക്കുന്നത്.

പദ്ധതിയുടെ ഭാഗമായി വനഭൂമി ക്ഷയിച്ച മേഖലയിൽ അനുയോജ്യമായ മരങ്ങൾ വെച്ചുപിടിപ്പിക്കും. നദീതടസംരക്ഷണത്തിന് അനുയോജ്യവും സ്ഥിരമായി ആദായം തരുന്നതുമായ വിവിധയിനം മുള, ചൂരൽ എന്നിവ വെച്ചുപിടിപ്പിക്കും.

കാർഷികവനവത്കരണത്തിനും പ്രാധാന്യം നൽകും.

ആദിവാസികളിൽ തോട്ടവിളാധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കും. ആവശ്യമായ ഇടങ്ങളിൽ തടയണ നിർമിക്കും.

പദ്ധതിക്ക് സാധ്യമായ 304 പ്രദേശങ്ങളിലെ സസ്യജന്തുജാലവിഭവ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് രൂപരേഖ തയ്യാറാക്കുന്നത്. അഡീഷണൽ പി.സി.സി.എഫ്. രാജേഷ് രവീന്ദ്രൻ, മണ്ണാർക്കാട് ഡി.എഫ്.ഒ. കെ.കെ. സുനിൽ കുമാർ എന്നിവർ വിവരശേഖരണം ക്രോഡീകരിച്ചു. കാവേരി പുനരുദ്ധാരണപദ്ധതി കേരളഘടകം മുഖ്യ-കോ-ഓർഡിനേറ്റർ ഡോ. കണ്ണൻ സി.എസ്. വാര്യർ പദ്ധതിയുടെ വിവിധ മാതൃകകൾ വിശദീകരിച്ചു.

വനസംരക്ഷണസമിതി പ്രവർത്തകർ, വനം, കാർഷിക, പട്ടികവർഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ, ആദിവാസികൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

151. News in Mathrubhumi, Palakkad, 30.12.2019, DPR Cauvery, Stakeholder’s Meeting, Kerala.